# തെങ്ങിൽ കയറാൻ ആളില്ലെന്നോ; 5010 പേരുടെ ചങ്ങാതിക്കൂട്ടം തയ്യാർ

സ്വന്തം ലേഖിക

കൊല്ലം: തെങ്ങിൽ കയറാൻ ആളില്ലെന്ന പരാതിക്ക് പരിഹാരമേകാൻ സ്ത്രീകൾ ഉൾപ്പെടുന്ന സംഘം സജ്ജം. തെങ്ങിൽ കയറി തേങ്ങയിടുന്നതിനൊപ്പം തെങ്ങിന്റെ മണ്ട വൃത്തിയാക്കാനും മരുന്നടിക്കാനും 5010 പേരടങ്ങുന്ന ചങ്ങാതിക്കൂട്ടം തയ്യാർ. അതിൽ 212 പേർ സ്ത്രീകളാണെന്ന പ്രത്യേകതയുമുണ്ട്.

നാളികേര ഉൽപ്പാദനമേഖലയ്ക്ക് ഉണർവേകുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന ബോർഡ് നടപ്പാക്കിയ 'തെങ്ങിന് ചങ്ങാതിമാർ'എന്ന പദ്ധതി പ്രകാരമാണ് സംഘത്തിന് പരിശീലനം നൽകിയത്. തൊഴിൽരഹിതരായ 5000 യുവാക്കളെ യന്ത്രസഹായത്തോടെ തെങ്ങുകയറ്റം പരിശീലിപ്പിക്കുകയായിരുന്നു ലക്ഷ്യം. പദ്ധതി പ്രകാരം സംസ്ഥാനത്ത് കൂടുതൽ പേർ പരിശീലനം നേടിയത് കോഴിക്കോട് ജില്ലയിലാണ് (591 പേർ) ഏറ്റവും കുറവ് പത്തനംതിട്ട ജില്ലയിലും (100). ലക്ഷദ്വീപിൽനിന്നും 101 പേരും മഹാരാഷ്ട്രയിൽനിന്ന് 20 പേരും പരിശീലനം നേടി. ആറു ദിവസംകൊണ്ടാണ് തെങ്ങുകയറ്റം സ്വായത്തമാക്കിയത്. അതത് കൃഷിവിജ്ഞാൻ കേന്ദ്രങ്ങൾ വഴി 225 ബാച്ചിലായി 198 ദിവസത്തെ പരിശീലനമാണ് ലഭ്യമാക്കിയത്.

തെങ്ങുകയറ്റത്തിനൊപ്പം തെങ്ങിന്റെ മണ്ട വൃത്തിയാക്കി കീടനാശിനി തളിക്കാനും വിത്തുതേങ്ങ സംഭരിക്കാനും സങ്കരയിനം തൈകൾ ഉൽപ്പാദിപ്പിക്കാനും നഴ്സറി പരിപാലനത്തിലും പരിശീലനം സിദ്ധിച്ചവരാണ് ഇവർ. യന്ത്രസഹായത്തോടെ ആറു മണിക്കൂറിൽ എഴുപതിലേറെ തെങ്ങുകളിൽ കയറാം. പരിശീലനം നേടിയവർക്ക് നാളികേര വികസന ബോർഡ് സൗജന്യമായി യന്ത്രവും രണ്ടുസെറ്റ് യൂണിഫോമും നൽകി.



ചങ്ങാതിക്കൂട്ടത്തിലെ അംഗം തെങ്ങിൽ കയറുന്നു

നാൽപ്പത് അടി വരെയുള്ള തെങ്ങിൽ കയറാൻ നഗരത്തിൽ പതിനഞ്ചും ഗ്രാമങ്ങളിൽ പത്തും രൂപയാണ് കൂലി. പരിശീലനം പൂർത്തിയാക്കിയവർ ദിവസം 300 മുതൽ 900 രൂപ വരെ നേടുന്നു. ഗ്രാമങ്ങളിൽപ്പോലും 25 രൂപ വരെ കൂലിയുണ്ടായിട്ടും തെങ്ങിൽകയറാൻ ആളെ കിട്ടാത്ത സ്ഥിതിയാണ്. സാധാരണഗതിയിൽ 45-60 ദിവസത്തിനിടെയാണ് തേങ്ങയിടുക. എന്നാൽ, തൊഴിലാളിക്ഷാമംമൂലം പലപ്പോഴും നാലുമാസംവരെ നീളും. യഥാസമയം വിളവെടുക്കാത്തതിനാൽ നാളികേര കർഷകർക്ക് വൻ നഷ്ടമാണ് ഉണ്ടാകുന്നത്.

ഏഴാം ക്ലാസുവരെ പഠിച്ച 18നും 40നും മധ്യേ പ്രായമുള്ളവരിൽനിന്നാണ് അപേക്ഷ ക്ഷണിച്ചത്. എന്നാൽ, ബിരുദധാരികളും പരിശീലനം പൂർത്തിയാക്കിയവരിൽ ഉൾപ്പെടുന്നു.

### പരിശീലനം പൂർത്തിയാക്കിയവരുടെ ജില്ലാതല കണക്ക്

| | | |
|---|---|---|
| കാസർകോട് | - | 200 |
| പാലക്കാട് | - | 417 |
| കോട്ടയം | - | 157 |
| തിരുവനന്തപുരം | - | 588 |
| കണ്ണൂർ | - | 507 |
| തൃശൂർ | - | 402 |
| ഇടുക്കി | - | 132 |
| കോഴിക്കോട് | - | 591 |
| എറണാകുളം | - | 569 |
| പത്തനംതിട്ട | - | 100 |
| മലപ്പുറം | - | 491 |
| ആലപ്പുഴ | - | 284 |
| കൊല്ലം | - | 451 |
| ലക്ഷദ്വീപ് | - | 101 |
| മഹാരാഷ്ട്ര | - | 20 |